പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.300 — 28.11.2018 ൽ മറുപടിക്ക്

**മുണ്ടക്കയം കമ്മ്യൂണിറ്റി സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി**

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ്ജ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | മുണ്ടക്കയം കമ്മ്യൂണിറ്റി സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന നടപടി ഏതുഘട്ടംവരെയായെന്ന് വിശദമാക്കാമോ; | (എ) & (ബി) | കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി നിലവിലുള്ളതിനാലും, 16.06.2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 113/2018/ആ.കു.വ പ്രകാരം കുടുംബാരോഗ്യകേന്ദ്രമാക്കിമാറ്റിയിട്ടുള്ളതിനാലും മുണ്ടക്കയം സി.എച്ച്.സി-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കാഞ്ഞിരപ്പള്ളി താലൂക്കിലെ ഏറ്റവുമധികം രോഗികൾ ഒ.പി /ഐ.പി. ആയുള്ള മുണ്ടക്കയം ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | | |
| (സി) | അഞ്ചുനില കെട്ടിടവും എ.സി.ഓപ്പറേഷൻ തീയേറ്ററും ലിഫ്റ്റും സൗകര്യമുള്ള ആശുപത്രിയാണ് മുണ്ടക്കയം ആശുപത്രി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 2011-ൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ഒന്നാം ഘട്ട നിർമ്മാണം 2014-ൽ പൂർത്തീകരിക്കുകയും 4 കോടി 95 ലക്ഷം രൂപയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തികൾ 2016-ൽ ആരംഭിക്കുകയും തുടർന്നുവരുകയും ചെയ്യുന്നു. രണ്ടാം ഘട്ട നിർമ്മാണം രണ്ട് നിലകളുള്ള വാർഡുകൾക്കാണ്. ഇതിലേക്ക് ആവശ്യമായ ലിഫ്റ്റ്, ജനറേറ്റർ റൂം എന്നിവയുടെ ജോലികൾ പുരോഗമിക്കുന്നു. കാഷ്വാലിറ്റി ഒ.പി, മൈനർ ഓപ്പറേഷൻ തിയേറ്റർ എന്നിവയുൾപ്പെടെ അഞ്ച് നിലകളുള്ളതാണ് ആദ്യഘട്ടത്തിലെ കെട്ടിടം. |
| (ഡി) | പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് ആശുപത്രി സ്റ്റാഫിന്റെയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (ഡി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മുണ്ടക്കയം സി.എച്ച്.സി.-യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇവിടെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് ആശുപത്രി സ്റ്റാഫിന്റെയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ